"ഭരണഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

നമ്പർ: ജി2/4143/17

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ, തിരുവനന്തപുരം
തീയതി: 28.04.2017

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ്-ജനുവരി 2018-ഒന്നാം സെമസ്റ്റർ എസ്.സി.വി.ടി പരീക്ഷയിൽ വിജയിച്ച ട്രെയിനികൾക്കും, എസ്.സി.വി.ടി പരീക്ഷ പൂർണ്ണമായും വിജയിച്ച ട്രെയിനികൾക്കും പ്രൈവറ്റ് ട്രെയിനിയായി അഖിലേന്ത്യ പരീക്ഷ എഴുതുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്നത്- സംബന്ധിച്ച്.

സൂചന:- 21/3/2017 ലെ ജി2/4143/2017 നമ്പർ വിജ്ഞാപനം.

***************

ഒന്നാം സെമസ്റ്റർ എസ്.സി.വി.ടി പരീക്ഷയിൽ വിജയിച്ച ട്രെയിനികൾക്കും എസ്.സി.വി.ടി പരീക്ഷ പൂർണ്ണമായും വിജയിച്ച ട്രെയിനികൾക്കും 2018 ജനുവരി മാസം നടക്കുന്ന ഒന്നാം സെമസ്റ്റർ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ പ്രൈവറ്റ് ട്രെയിനിയായി പരീക്ഷ എഴുതുന്നതിന് സൂചന പ്രകാരം വിജ്ഞാപനം ക്ഷണിച്ചിരുന്നു. ട്രെയിനികളിൽ നിന്നും ലഭ്യമായ അപേക്ഷകളിൻമേൽ സ്വീകരിക്കേണ്ട നടപടികൾ ചുവടെ ചേർക്കുന്നു.

1) ട്രെയിനികൾ തങ്ങൾ എസ്.സി.വി.ടി കോഴ്സ് പഠിച്ച സ്ഥാപനത്തിലാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. ടി അപേക്ഷകൾ പ്രിൻസിപ്പാൾ പരിശോധിക്കേണ്ടതും അപേക്ഷയോടൊപ്പം ചേർത്തിട്ടുള്ള ഫോർമാറ്റിൽ ശുപാർശ രേഖപ്പെടുത്തേണ്ടതുമാണ്.
2) എം.ഐ.എസ് പോർട്ടൽ മുഖേന അപേക്ഷകൾ സമർപ്പിക്കേണ്ട സാഹചര്യത്തിൽ പ്രിൻസിപ്പാൾമാർ തങ്ങൾക്കു ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച ശേഷം ട്രെയിനികൾ അപേക്ഷിച്ചിരിക്കുന്ന ട്രേഡുകൾക്ക് എൻ.സി.വി.ടി. അഫിലിയേഷൻ നേടിയ തൊട്ടടുത്ത സർക്കാർ ഐ.ടി.ഐയിൽ അപേക്ഷകൾ നൽകേണ്ടതാണ്. അഫിലിയേഷൻ നേടിയ ഐ.ടി.ഐ. യുടെ കീഴിലാണ് 2018 ജനുവരി മാസത്തിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ അഖിലേന്ത്യാ പരീക്ഷയിൽ പങ്കെടുക്കേണ്ടത് എന്ന് ട്രെയനികളെ അറിയിക്കേണ്ടതുമാണ്.
3) അഫിലിയേഷൻ ഉള്ള ഐ.ടി.ഐയിലെ പ്രിൻസിപ്പാൾമാർ ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ അപേക്ഷ സ്വീകരിച്ച ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ശുപാർശ രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന്

പരിശോധിക്കേണ്ടതാണ്. വിജ്ഞാപന പ്രകാരമുള്ള രേഖകൾ ഉള്ളടക്കം ചെയ്തിട്ടുണ്ടോ എന്നും പരിശോധിക്കേണ്ടതാണ്.

4) എം.ഐ.എസ് പോർട്ടൽ മുഖേന വിവരങ്ങൾ രേഖപ്പെടുത്തുവാനുള്ള നിർദേശങ്ങൾ ലഭിക്കുന്ന മുറക്ക് ടി ട്രെയിനികളുടെ വിവരങ്ങൾ അഫിലിയേഷൻ നേടിയ ഐ.ടി.ഐയിലെ പ്രിൻസിപ്പാൾമാർ ഓരോ ട്രേഡിലും അവരുടെ സ്ഥാപനത്തിൽ അഡ്മിഷൻ നേടിയ ട്രെയിനികളുടെ പേരിന് താഴെ രേഖപ്പെടുത്തേണ്ടതാണ്. എം.ഐ.എസ് പോർട്ടൽ മുഖേന ട്രെയിനികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയാൽ മാത്രമേ 2018 ജനുവരി മാസത്തിൽ നടക്കുന്ന 1-ാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുക്കുന്നതിന് ഹാൾടിക്കറ്റ് ലഭിക്കുകയുള്ളൂ. ഇതിന്റെ പൂർണ്ണ ഉത്തരവാദിത്തം അപേക്ഷകൾ സ്വീകരിക്കുന്ന ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് മാത്രമായിരിക്കും. ആയതിനാൽ എം.ഐ.എസ് പോർട്ടലിൽ ട്രെയിനികളുടെ വിവരങ്ങൾ അഫിലിയേഷൻ ഉള്ള ഐ.ടി.ഐ പ്രിൻസിപ്പാൾമാർ രേഖപ്പെടുത്തുന്നുണ്ടോ എന്നുള്ള കാര്യം അപേക്ഷ സ്വീകരിക്കുന്ന ഐ.ടി.ഐയിലെ പ്രിൻസിപ്പാൾമാർ ഉറപ്പാക്കേണ്ടതാണ്.

5) അപേക്ഷകൾ സ്വീകരിച്ചതിന്റെ വിവരം അനുബന്ധം 1 പ്രകാരം പരീക്ഷ വിഭാഗത്തിൽ 06-05-2017 വൈകുന്നേരം 3 മണിക്ക് മുൻപായി പ്രത്യേക ദൂതൻ മുഖാന്തിരം എത്തിക്കേണ്ടതാണ്. അപേക്ഷകളുടെ ഒരു പകർപ്പ് പ്രിൻസിപ്പാൾമാർ ഐ.ടി.ഐയിൽ സൂക്ഷിക്കേണ്ടതും ഡയറക്ടറേറ്റിൽ നിന്ന് ആവശ്യപ്പെടുന്ന മുറക്ക് ഹാജരാക്കേണ്ടതാണ്.

6) അഫിലിയേഷൻ ഉള്ള ഐ.ടി.ഐ. യിലെ പ്രിൻസിപ്പാൾ പ്രസ്തുത അപേക്ഷകളിൽ നിന്നും എം.ഐ.എസ്. പോർട്ടലിൽ രേഖപ്പെടുത്തിയ ശേഷം അപേക്ഷകരുടെ ലിസ്റ്റ് ഡയറക്ടറേറ്റിലെ പരീക്ഷാ വിഭാഗത്തിൽ അയച്ചു തരേണ്ടതാണ്.

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

ഉള്ളടക്കം:- അനുബന്ധം -1

എല്ലാ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും
പകർപ്പ്:- വകുപ്പ് വെബ്സൈറ്റ്

എസ്സ്/29.04

**അനുബന്ധം-1**

**അപേക്ഷ സ്വീകരിച്ച ഐ.ടി.ഐ. പ്രിൻസിപ്പാൾ തയ്യാറാക്കി നൽകുന്ന ട്രെയിനികളുടെ പട്ടിക**

ഐ.ടി.ഐ യുടെ പേര്

| ക്രമ നം. | ട്രെയിനിയുടെ പേര് | ട്രേഡ് | എൻ.സി.വി.ടി. അഫിലിയേഷൻ നേടിയ ഏത് ഐ.ടി.ഐ.യിലാണ് അപേക്ഷ എം.ഐ.എസ്. പോർട്ടലിൽ ഉൾപ്പെടുത്താൻ നൽകിയത് എന്ന വിവരം | റിമാർക്ക് |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |

(ഔദ്യോഗിക മുദ്ര)

പ്രിൻസിപ്പാളിന്റെ ഒപ്പ്
പേര്
ഔദ്യോഗിക മേൽവിലാസം

തീയതി:

എസ്സ്/29.04